**കേരള സർക്കാർ**

INSTITUTE OF HUMAN RESOURCES DEVELOPMENT TRIVANDRUM 20 JAN 2017

നം. 174/കെ3/2016/ഉ.വി.വ.

358/17/HRD

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 03-01-2017

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോ ടവേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.
4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
5. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ കേരള, ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
6. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
7. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ / നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.

സർ,

വിഷയം:- ഉന്നതവിദ്യാഭ്യാസ വകുപ്പ് – വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് തടയുന്നത് - അടിയന്തിര നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :- ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ 21-12-2016-ലെ 133/2016/M.Edn നമ്പർ കുറിപ്പ്

..........

താങ്കളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളിൽ റാഗിങ്ങിന്റെ പേരിൽ ശാരീരകവും മാനസികവുമായ പീഡനത്തിനു വിധേയമാക്കപ്പെട്ട ദൗർഭാഗ്യകരമായ സംഭവങ്ങൾ സംസ്ഥാനത്തു സമീപകാലത്തു റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. റാഗിങ്ങ് തടയുന്നതിനു ചുമതലപ്പെട്ട സ്ഥാപനാധികാരികൾ തങ്ങളുടെ

ഉത്തരവാദിത്വം നിറവേറ്റുന്നതിൽ വീഴ്ച വരുത്തുന്നതിന് സംസ്ഥാന സർക്കാർ ഗൗരവത്തോടെ വീക്ഷിക്കുന്നു.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിങ്ങ് തടയുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചു സർക്കാരിനു റിപ്പോർട്ട് ചെയ്യണം.
2. റാഗിങ്ങിനു നേതൃത്വം നൽകുന്നവർ കർശനമായി ശിക്ഷാനടപടികൾക്കു വിധേയരാക്കപ്പെടുന്നുണ്ടെന്നു ഉറപ്പുവരുത്തണം.
3. രക്ഷാകർതൃ സമിതികൾ വിളിച്ചുകൂട്ടി ആവശ്യമായ മുൻകരുതൽ സംവിധാനങ്ങൾ ആവിഷ്കരിച്ചു നടപ്പിൽ വരുത്തണം.
4. വിദ്യാർത്ഥികൾക്കിടയിൽ റാഗിങ്ങിനെതിരെ ബോധവത്ക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വിശ്വസ്തതയോടെ
**വർഗ്ഗീസ് എ. ജെ**
ജോയിന്റ് സെക്രട്ടറി
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

**ഉത്തരവ് നമ്പർ:-ഡിബി2/152/2017/എച്ച്.ആർ.ഡി** **തീയതി: 06.02.2017**

കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്ന് അയച്ചു തന്ന നിർദ്ദേശങ്ങളുടെ പകർപ്പ് തുടർനടപടിയ്ക്കായി ഐ.എച്ച്.ആർ.ഡിയുടെ എല്ലാ സ്ഥാപനമേധാവികളേയും അറിയിക്കുന്നു.

**ഒപ്പ്**
**ഡയറക്ടർ**

**അംഗീകാരത്തോടെ**

**ഡെപ്യൂട്ടി ഡയറക്ടർ**